ാഗത്ത് രണ്ടാമത്തേതാണെങ്കിൽ 25 ലക്ഷത്തിൽപ്പരം രൂപ മുനിസിപ്പാലിറ്റിയെ ഏൽപ്പിച്ച് അവരെക്കൊണ്ട് പണിയിപ്പിക്കേണ്ട ആവശ്യമില്ല. നൂറു കിടക്കകളുള്ള ആശുപത്രി അവിടെ സുഖകരമായി പ്രവർത്തിപ്പിക്കുന്നതിന് വളരെയധികം സംഖ്യ ആവശ്യമാണ്. ഏതായാലും അടിയന്തിരമായി ആവശ്യമായ റിപ്പയറിംഗ് നടത്താനുള്ള നിർദ്ദേശം കൊടുത്തുകഴിഞ്ഞിട്ടുണ്ട്. ഡി.എച്ച്.എസ്.സിനോട് അവിടെ ചെന്ന് പരിശോധിച്ചിട്ട് വിശദമായ റിപ്പോർട്ട് തരാൻ പറഞ്ഞിട്ടുണ്ട്. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ മറ്റു നടപടികളും സ്വീകരിക്കാം.

(4) കുമാരപിള്ള കമ്മീഷൻ റിപ്പോർട്ടനുസരിച്ചുള്ള ആനുകൂല്യങ്ങൾ

ശ്രീ. നാലകത്തുസൂപ്പി: സർ, മുസ്ലിംങ്ങളാദി പിന്നോക്ക വിഭാഗങ്ങൾ നാലാം ശമ്പള പരിഷ്കരണത്തോടുകൂടി അനുഭവിക്കുന്ന ഒരു പ്രയാസത്തിലേക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധ ഞാൻ ക്ഷണിക്കുകയാണ്. പിന്നോക്കവിഭാഗങ്ങളുടെ വിദ്യാഭ്യാസ സൗകര്യങ്ങൾ മുൻനിറുത്തിക്കൊണ്ട് നിശ്ചയിക്കപ്പെട്ടിരുന്ന കുമാരപിള്ള കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിൽ 1966 മുതൽ 6,000 രൂപ വരുമാനപരിധിയായി നിശ്ചയിച്ചുകൊണ്ട് ആ വരുമാനപരിധിക്കുള്ളിൽവരുന്ന മേൽപ്പറഞ്ഞ വിഭാഗങ്ങളുടെ കുട്ടികൾക്ക് മെഡിക്കൽ കോളേജ്, എൻജിനീയറിംഗ് കോളേജ്, പോളിടെക്നിക്കുകൾ എന്നീ പ്രൊഫഷണൽ കോളേജുകളിൽ സംവരണാനുകൂല്യം ലഭിച്ചിരുന്നു. ആ 6,000 രൂപ കാലക്രമേണ വർദ്ധിപ്പിച്ച് 10,000 രൂപയാക്കി. ഇപ്പോൾ 12,000 ആക്കിയിരിക്കുകയാണ്. എന്നാൽ 1985-ലെ ശമ്പള കമ്മീഷന്റെ ശുപാർശ നടപ്പിലാക്കുമ്പോൾ ബേസിക് പേയിൽ ഡി.എ. കൂടി കൂട്ടിച്ചേർത്താണ് വരുമാനപരിധി നിശ്ചയിക്കുന്നത്. അങ്ങനെ വരുമാനപരിധി നിശ്ചയിക്കുമ്പോൾ സ്വാഭാവികമായും വരുമാനം വർദ്ധിച്ചതായി കാണുന്നു. എന്നാൽ യഥാർത്ഥത്തിൽ വരുമാനം വർദ്ധിച്ചിട്ടില്ല. അതുപോലെ മുൻകാലങ്ങളിൽ ഈ ആനുകൂല്യം ലഭിച്ചുകൊണ്ടിരുന്നവർക്ക് തുടർന്നും ഈ ആനുകൂല്യം ലഭ്യമാക്കണമെങ്കിൽ തീർച്ചയായും ആ വരുമാനപരിധി ഉയർത്തണം. 12,000 എന്നുള്ളത് ചുരുങ്ങിയത് 18,000 ആയി ഉയർത്തേണ്ടിയിരിക്കുന്നു. 6,000 നേരത്തെ നിശ്ചയിച്ചിരുന്നത് അന്നത്തെ ആദായനികുതിയുടെ അടിസ്ഥാനത്തിലാണ്. ആ മാനദണ്ഡം വച്ചുകൊണ്ട് ഇന്നത്തെ ആദായനികുതിയുടെ പരിധി 18,000 വരെ ഉയർത്തേണ്ടിയിരിക്കുന്നു. അതല്ലെങ്കിൽ മുസ്ലിംങ്ങളാദി പിന്നോക്ക വിഭാഗങ്ങളിലെ കുട്ടികൾക്ക് മെഡിക്കൽ കോളേജ്, എൻജിനീയറിംഗ് കോളേജ്, പോളിടെക്നിക്കുകൾ തുടങ്ങിയ സ്ഥാപനങ്ങളിലെ അർഹമായ പ്രവേശനം നിഷേധിക്കപ്പെടുമെന്നുള്ളതുകൊണ്ട് ഗവൺമെന്റ് ഇക്കാര്യത്തിൽ അടിയന്തിരമായ ഒരു തീരുമാനം കൈക്കൊള്ളണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ ആദ്യം 6,000 രൂപയായിരുന്നത് 10,000 രൂപയായി വർദ്ധിച്ചു. ഈ അടുത്ത കാലത്ത് അത് 12,000 രൂപയായി വർദ്ധിപ്പിച്ചു. ഇതിൽ ഡിയർനസ് അലവൻസിന്റെ ഭാഗം ഉൾക്കൊള്ളുന്നതുകൊണ്ട് പലർക്കും ഇതിന്റെ ആനുകൂല്യം കിട്ടുന്നില്ല എന്നുള്ള പരാതി കിട്ടിയതിനെ തുടർന്ന് ഡിയർനസ് അലവൻസ് ഇതിനു കണക്കാക്കേണ്ടതില്ല എന്ന് കൽപ്പന കൊടുത്തുകഴിഞ്ഞിരി

LIBRARY ARCHIVES Kerala Legislative Assembly

ക്കുകയാണ്. അതോടൊപ്പം ശമ്പളപരിഷ്കരണം ഏർപ്പെടുത്തിയതു കൊണ്ട് ഒരുമാസം ആയിരം രൂപയിൽ കൂടുതൽ ശമ്പളം കിട്ടുന്ന ആളുകൾക്കാണെങ്കിൽ തീർച്ചയായും ഈ ആനുകൂല്യം കിട്ടുകയില്ല. അതു കൊണ്ട് 12,000 എന്നുള്ളത് വർദ്ധിപ്പിക്കണമെന്നുള്ള നിവേദനത്തെക്കുറിച്ച് ഗവൺമെൻറ് പരിശോധിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ആദ്യം പറഞ്ഞ നികുതിയുടെ പരിധി 18,000 ആയി ഉയർത്തണമെന്നാണ് പറഞ്ഞത്. എന്നാൽ 20,000 വരെ ആയാൽ എന്താണ് എന്നുള്ളതിനെക്കുറിച്ച് ഗവൺമെൻറ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. എത്രയും വേഗത്തിൽ ഇതിന് ഒരു തീരുമാനമുണ്ടാക്കുന്നതാണ്.

(5) തൃത്താല ഗവൺമെൻറ് ഡിസ്പെൻസറിയുടെ ശോചനീയ സ്ഥിതി

ശ്രീ. കെ.കെ. ബാലകൃഷ്ണൻ: സർ, തൃത്താല നിയോജക മണ്ഡലത്തിൽപ്പെട്ട തൃത്താല ഗവൺമെൻറ് ഡിസ്പെൻസറിയുടെ ശോചനീയമായ സ്ഥിതി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാനാഗ്രഹിക്കുകയാണ്. ഇപ്പോഴത്തെ 22 കിടക്കകളുള്ള ആശുപത്രിയിൽ സ്റ്റാഫ് പാറ്റേൺ അനുസരിച്ചുതന്നെ രണ്ടു ഡോക്ടർമാർവേണം. ഇന്ന് ഒരു ഡോക്ടർ മാത്രമാണ് അവിടെ വർക്ക് ചെയ്യുന്നത്. ആവശ്യത്തിന് നേഴ്സുമാരില്ല, കുക്കില്ല, മെറ്റേണിറ്റി അസിസ്റ്റൻറില്ല, പാത്രങ്ങളില്ല, മരുന്നില്ല. അങ്ങനെ വളരെ ശോചനീയമായ ഒരവസ്ഥയാണ് തൃത്താല ഗവൺമെൻറ് ഡിസ്പെൻസറിക്ക് ഇന്നുള്ളത്. അതു മാത്രമല്ല, ഒരു കോമ്പൗണ്ടുവാളുമില്ല. അങ്ങനെ വളരെ ശോചനീയമായി കിടക്കുന്ന ഈ ആശുപത്രി നേരെയാക്കാനാവശ്യമായ നടപടികൾ ഗവൺമെൻറ് സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. നൈറ്റ് ഡ്യൂട്ടിക്കാവശ്യമായ നേഴ്സുമാരില്ലാത്തതുകൊണ്ട് വളരെയേറെ പ്രയാസങ്ങൾ ഇൻപേഷ്യൻറ്സ് അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. അതു കൊണ്ട് അടിയന്തിരമായി ഒരു ഡോക്ടറെക്കൂടി നിയമിക്കണം. ആവശ്യമായ പാത്രങ്ങൾ നൽകണം. കോമ്പൗണ്ടുവാൾ നിർമ്മിക്കണം. അങ്ങനെ തൃത്താലയിലെ ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കണം. അവിടെ വരുന്ന രോഗികൾക്ക് ആശ്വാസം നൽകാനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഇപ്പോഴത്തെ ആ ആശുപത്രി 37 കിടക്കകളുള്ള ആശുപത്രിയായി ഉയർത്താനുള്ള കൽപ്പന പുറപ്പെടുവിച്ചിട്ടുണ്ട്. ഇന്ന് നിലവിലുള്ള സ്റ്റാഫ്സ്ട്രെങ്ത് ഒരു ഡോക്ടർ, ഒരു നേഴ്സ്, ഒരു ഫാർമസിസ്റ്റ്, ഒരു മിഡ്വൈഫ്, ഒരു ഹോസ്പിറ്റൽ അസിസ്റ്റൻറ്, ഒരു കുക്ക്, ഒരു നേഴ്സിംഗ് അസിസ്റ്റൻറ് ഇത്രയുമാണ്. അത് വർദ്ധിപ്പിച്ചുകൊണ്ട് കൽപ്പന പുറപ്പെടുവിക്കുന്നതാണ്. ഒരു ഡോക്ടറെയും അഞ്ചു നേഴ്സുമാരെയും ഒരു നേഴ്സിംഗ് അസിസ്റ്റൻറിനെയും, ഒരു ഹോസ്പിറ്റൽ അറ്റൻററേയും, രണ്ടു ഹോസ്പിറ്റൽ അസിസ്റ്റൻറുമാരെയും, ഒരു ക്ലറിക്കൽ അസിസ്റ്റൻറിനേയും നിയമിക്കാനുള്ള സാംഗ്ഷൻ ആയിട്ടുണ്ട്. അവരുടെ നിയമനം വൈകാതെ നടത്തുന്നതായിരിക്കും. മരുന്നുകളെ സംബന്ധിച്ചിടത്തോളം അവർക്ക് മരുന്ന് സപ്ലൈ ചെയ്തിട്ടുണ്ട്. ഇതിനുപുറമെ 8,656 രൂപ 55 പൈസയ്ക്കുള്ള മരുന്ന് വിതരണം ചെയ്തിട്ടുണ്ട്. ബാക്കി ആവശ്യമായ കാര്യങ്ങളൊക്കെ ഡിപ്പാർട്ടുമെൻറ് പരിശോധിച്ച് ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly